ഭരണഭാഷ — മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം. ഇ.22/8961/2019/സിഇ/തസ്വഭവ

തീയതി: 31/12/2019

# പരിപത്രം

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - SCORE സോഫ്റ്റ് വെയർ മുഖാന്തിരം ഓൺ ലൈൻ ആയി Confidential Report സമർപ്പിക്കുന്നത് — സംബന്ധിച്ച്.

സൂചന:- 20.12.2019-ന് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയിട്ടുള്ള നിർദ്ദേശം.

തദ്ദേശസ്വയം ഭരണ എൻജിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ മുകളിലുള്ള വരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതും, കൈകാര്യം ചെയ്യുന്നതും SCORE സോഫ്റ്റ് വെയർ മുഖാന്തിരം ചെയ്യുന്നതിന്, തദ്ദേശസ്വയം ഭരണ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. SCORE **(Secretariate Confidential Reporting and Reviewing)** എന്ന ഓൺ ലൈൻ വെബ് ആപ്ലിക്കേഷൻ നിലവിൽ സെക്രട്ടേറിയേറ്റിലുള്ള ജീവനക്കാർക്കായി ഫിനാൻസ് വകുപ്പിന്റെ IT സോഫ്റ്റ് വെയർ ഡിവിഷൻ തയ്യാറാക്കി പരിപാലിച്ച് വരുകയാണ്. ടി സോഫ്റ്റ് വെയറിന്റെ സേവനം തദ്ദേശസ്വയം ഭരണ എൻജിനീയറിംഗ് വിഭാഗത്തിന്റെ എല്ലാ ജീവനക്കാർക്കും കൂടി ലഭ്യമാക്കുന്ന വിധമുള്ള മാറ്റങ്ങൾ ടി സോഫ്റ്റ് വെയറിൽ ക്രമീകരിച്ച് വരുകയാണ്. 01.01.2019 മുതൽ എല്ലാ ജീവനക്കാരും SCORE സോഫ്റ്റ് വെയർ മുഖാന്തിരം മാത്രമാണ് Confidential Report തയ്യാറാക്കി സമർപ്പിക്കേണ്ടത്.

ജീവനക്കാർക്ക് www.score.kerala.gov.in എന്ന URL മുഖാന്തിരം ടി പോർട്ടലിൽ പ്രവേശിക്കാവുന്നതാണ്. ഈ പോർട്ടലിലൂടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതും, കൈകാര്യം ചെയ്യുന്ന വിധവും വിവരിക്കുന്ന **"USER MANUAL"** ഈ പരിപത്രത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ടി പോർട്ടലിൽ പ്രവേശിച്ച് മുകളിൽ ലഭ്യമായിട്ടുള്ള **"Header Section"** നിലെ **"Login"** ബട്ടനിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന **"Register"** എന്ന ലിങ്ക് ഉപയോഗിച്ച് പെൻ നമ്പർ, പേര് മുതലായ വിവരങ്ങൾ സമർപ്പിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ജീവനക്കാരുടെ പെൻ നമ്പറാണ് **User ID** ആയി ലഭിക്കുന്നത്. രജിസ്റ്റർ ചെയ്യുമ്പോൾ ജീവനക്കാരുടെ

പെൻ നമ്പർ, ജനനതീയതി, മൊബൈൽ നമ്പർ എന്നിവ SPARK-ൽ നൽകിയിട്ടുള്ള വിവരവുമായി validate ചെയ്യപ്പെടും. ആയതിനാൽ ടി വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് തന്നെ SPARK-ൽ വിവരങ്ങൾ കൃത്യമായി update ചെയ്തു എന്ന് ഉറപ്പ് വരുത്തണം.

ടി പോർട്ടൽ പരിശീലനത്തിന് www.scoredemo.kerala.gov.in എന്ന DEMO PORTAL ഉപയോഗിക്കാവുന്നതാണ്. DEMO PORTAL -ൽ പ്രവേശിക്കുന്നതിന് 101251 എന്ന USER ID-യും pass എന്ന password -ഉം ഉപയോഗിച്ച് പ്രവേശിക്കാവുന്നതാണ്. DEMO PORTAL -ലേക്ക് Login ചെയ്യുമ്പോൾ OTP നൽകേണ്ടതില്ല.

തദ്ദേശസ്വയം ഭരണ എൻജിനീയറിംഗ് വിഭാഗത്തിലേക്ക് ടി പോർട്ടൽ സജ്ജമാക്കുന്ന മുറയ്ക്ക് ടി പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും നൽകുന്നതാണ്.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ